# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 937

06.06.2018-ൽ മറുപടിയ്ക്ക്

## കലാകാരന്മാർക്കുള്ള പെൻഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം :** | | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി** | |
| എ) | കലാകാരന്മാർക്ക് നൽകി വരുന്ന പെൻഷൻ പദ്ധതിയിൽ ഏതെല്ലാം കലാ മേഖലയിലുള്ളവരാണ് ഉൾപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ; | എ) | സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന കലാകാരന്മാർക്കുള്ള പെൻഷൻ പദ്ധതിയിൽ സാഹിത്യം, സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്രകലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, പൂരക്കളി, ബാന്റ് വാദ്യം, അക്ഷര ശ്ലോകം, വാദ്യകലകൾ, ക്ലാസിക് കലകൾ, ക്ഷേത്ര ശില്പകല, ചിത്രകല, നാടൻ കലാരൂപങ്ങൾ, ആദിവാസി കലകൾ, മേളം, മാപ്പിള കലകൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. |
| ബി) | ഈ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ; | ബി) | 50 വയസ്സിൽ കൂടുതൽ പ്രായമുള്ളവരും ഒരു ലക്ഷം രൂപയിൽ കവിയാത്ത വാർഷിക വരുമാനം ഉള്ളവരുമായ സാഹിത്യകാരന്മാർക്കും കലാകാര ന്മാർക്കും പെൻഷന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമി മുഖേന സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതും ഡയറക്ടറുടെ ശുപാർശയോടെ സർക്കാരിൽ ലഭിക്കുന്ന അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതുമാണ്. |
| സി) | മലബാറിലെ സജീവ കലാരൂപമായ കോൽക്കളി കലാകാരന്മാർക്ക് പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ നൽകി വരുന്നുണ്ടോ; | സി) | ഉണ്ട്. |
| ഡി) | എങ്കിൽ മലപ്പുറം ജില്ലയിൽ എത്ര കോൽക്കളി കലാകാരന്മാർ പെൻഷൻ വാങ്ങുന്നുണ്ടെന്നും ഇവരുടെ വിശദാംശങ്ങളും അറിയിക്കാമോ? | ഡി) | കേരള ഫോക് ലോർ അക്കാദമി ശുപാർശ ചെയ്ത മലപ്പുറം ജില്ലയിൽ നിന്നുള്ള 8 കലാകാരന്മാരാണ് കോൽക്കളി വിഭാഗത്തിൽ പെൻഷൻ കൈപ്പറ്റുന്നത്. |

indhu

സെക്ഷൻ ഓഫീസർ